ഉത്തരം

(എ) ഉണ്ട്.

(ബി) 1,01,000 പുതിയ വീടുകൾ നിർമ്മിക്കുവാനും 55,500 വീടുകൾ പുനരുദ്ധരിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) 5439.86 ലക്ഷം രൂപ ഇതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

'പാഡ്' കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം

131 (3895) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 'പാഡ്' കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റ്-ഇൻ-എയിഡ് ആയി സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനം, മുഖേന എത്ര തുകയുടെ പ്രോജക്ടുകൾ അനുവദിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പീപ്പിൾസ് ആക്ഷൻ ഫോർ കേരള [പാഡ് (കെ)] എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റ്-ഇൻ-എയിഡ് ആയി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനം മുഖേന കപ്പാർട്ടിലേക്ക് അയച്ച പ്രോജക്ടുകളിൽ 6,36,450 രൂപയുടെ പ്രോജക്ടുകൾ അനുവദിക്കപ്പെട്ടു.

(ഡി) ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly